# സാരംഗിൽനിന്ന് സ്നേഹപൂർവ്വം

**വിദ്യാഭ്യാസം, പ്രകൃതികൃഷി തുടങ്ങി വിവിധ മേഖലകളിൽ അനുകരണീയങ്ങളായ മാതൃകകൾ സൃഷ്ടിച്ച ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി ദമ്പതിമാർ തങ്ങളുടെ ജീവിതാനുഭവങ്ങളും അനുബന്ധ ചിന്തകളും പങ്കുവയ്ക്കുന്നു...**

## തുടർച്ച

'**ഈ** ദിവസങ്ങളിൽ ദീർഘയാത്ര നന്നല്ല' എന്നോ മറ്റോ ഡോ. ട്രീസ പറഞ്ഞു. അതു ഞങ്ങൾക്കും അറിവുള്ളതാണ്. അതും വയനാട്ടിൽനിന്ന് പാലക്കാട്ടുവരെ. ഞങ്ങൾ താമസിക്കുന്ന ഉൾനാടൻ ഗ്രാമത്തിൽനിന്ന് രണ്ടു കിലോമീറ്ററിലേറെ നടന്ന് റോഡിലെത്തണം. അവിടെനിന്ന് ബസിന് കോഴിക്കോട്ടെത്തണം. വളഞ്ഞുപുളഞ്ഞുള്ള വയനാടൻ ചുരവുമിറങ്ങണം. ദേശസാൽകൃത റൂട്ടാണ്. സർക്കാർ ബസുകൾ മാത്രമാണ് ഓടുന്നത്. എല്ലാ വണ്ടികളിലും ഒരു ചന്തയുടെ തിരക്കുണ്ടാവും.

പൂർണ ഗർഭിണിക്ക് ഇത്തരമൊരു യാത്ര ഒരിക്കലും നന്നല്ല.

ഡോക്ടർ ഒരു മന്ദഹാസത്തോടെ തുടർന്നു. 'നിങ്ങൾ ഒരു കിറ്റ് കരുതിക്കൊള്ളൂ.' യാത്രയ്ക്കിടയിൽ ഒരു പ്രസവത്തെ നേരിടാൻ തക്ക വിധം ഡോ. ട്രീസ ഞങ്ങൾക്ക് ക്ലാസെടുത്തുതന്നു. ഒരു മൂത്തസഹോദരിയുടെ ഉപദേശംപോലെ സ്നേഹമസൃണമായിരുന്നു, ഉത്തേജകമായിരുന്നു അത്. അവരൊരിക്കലും ഭയപ്പെടുത്തുംമട്ടിൽ സംസാരിച്ചിരുന്നില്ല. ധൈര്യമായി പോയി വരാൻ കഴിയുന്ന എല്ലാ ഊർജവും അവർ തന്നെന്നു വേണം പറയാൻ. പ്രത്യേകം എടുത്തുപറയട്ടെ; അവർ യാതൊരുവിധ മരുന്നുകളും കുറിച്ചതുമില്ല, തന്നതുമില്ല. പച്ചിലകളും പഴങ്ങളും ധാരാളം കഴിക്കണമെന്നു മാത്രം പറഞ്ഞു.

ഇത്തരമൊരു ഡോക്ടറെയാണു ഞങ്ങൾ കൊതിക്കുന്നത്. നമ്മുടെ ആശുപത്രികളിലെല്ലാം ഇവരെപ്പോലെയുള്ള ഓരോരുത്തരെങ്കിലുമുണ്ടായിരുന്നെങ്കിൽ!

ഇന്റർവ്യൂവിന്റെ തലേന്നുതന്നെ ഞങ്ങൾ പുറപ്പെട്ടു. ഡോക്ടർ പറഞ്ഞ മുൻകരുതലെല്ലാമുണ്ടായിരുന്നു. കോഴിക്കോടുവരെ സാദാ ബസിൽതന്നെ. അവിടെനിന്ന് പാലക്കാടുവരെ ട്രെയിനിലും. ട്രെയിനിലോ ബസിലോ പെരുവഴിയിലോ വച്ച് പ്രസവിക്കുന്നതിനെക്കുറിച്ച് ധാരാളം തമാശുകൾ പൊട്ടിച്ചായിരുന്നു യാത്ര. എന്തായാലും അങ്ങനെയൊന്നും സംഭവിക്കാതെ ഇന്റർവ്യൂവും കഴിഞ്ഞ് ഞങ്ങൾ തിരിച്ചെത്തി. അന്നുതന്നെ കോഴിക്കോട്ടേക്ക് തിരിക്കണം. കാരണം പിറ്റേന്ന് കക്ഷിക്കും ഇന്റർവ്യൂ ആണല്ലോ. ആ ദൗത്യവും കഴിച്ച് ഗോപാലകൃഷ്ൻ 25–ന് വയനാട്ടിൽ തിരിച്ചെത്തുമ്പോൾ വിജലക്ഷ്മി സഹാധ്യാപികയുടെ വീട്ടിലായിരുന്നു. രാവിലെ മുതൽ തുടങ്ങിയ നോവുമായി ഗോപാലകൃഷ്ണനെയും പ്രതീക്ഷിച്ച് ഒരു ജനലരികിൽ നിൽക്കുകയായിരുന്നു. ഞങ്ങൾ താമസിച്ചിരുന്ന പീടികമുറിയിൽനിന്നും സഹാധ്യാപികയാണ് വിജലക്ഷ്മിയെ അവരുടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നത്. സിസ്റ്റർ മറിയാമ്മ ജാഗരൂകയായി സ്ഥലത്തുണ്ട്. അന്നവരെങ്ങും പോയിട്ടേയില്ല. എല്ലാവരും നല്ല തയ്യാറിലായിരുന്നു.

അത്ഭുതമെന്നാണ് ഞങ്ങൾക്കു പറയാനുള്ളത്. ഗോപാലകൃഷ്ണനെ കണ്ടു; അത്യാവശ്യ വർത്തമാനങ്ങൾ പറഞ്ഞു. ഉടനെ നോവുകൂടി. അര മണിക്കൂറിനുള്ളിൽ യാതൊരുവിധ അരിഷ്ടതകളുമില്ലാതെ ഞങ്ങളുടെ മോൻ പിറന്നു. സാധാരണ പ്രസവമുറികളിൽനിന്നു കേൾക്കാറുള്ള അലർച്ചയും വിളിയും ഞരങ്ങലുമുണ്ടായിരുന്നില്ല. എല്ലാം മംഗളകരമായിത്തന്നെ നടന്നു.

മറിയാമ്മ സിസ്റ്റർ നിത്യസഹായ മാതാവിനു നന്ദി പറഞ്ഞു.

വാഹന സൗകര്യങ്ങളോ ആശുപത്രി സൗകര്യങ്ങളോ ഇല്ലാത്ത സ്ഥലത്തായതുകൊണ്ട് കുഴപ്പങ്ങളൊന്നുമില്ലാതെ പ്രസവം നടത്തിത്തരണേ എന്നു നിത്യസഹായ മാതാവിനോടു പ്രാർഥിച്ചിട്ടാണവർ പ്രസവമുറിയിൽ പ്രവേശിച്ചത്.

എന്തായാലും വിജയലക്ഷ്മി അയലറിയാതെ പ്രസവിച്ചു. മരുന്നിന്റെ കഴിവെന്നോ ഈശ്വരകൃപയെന്നോ, മറ്റേതെങ്കിലും ഭാഗ്യമെന്നോ ഞങ്ങളവകാശപ്പെടുന്നില്ല. അന്നവിടെയുണ്ടായിരുന്നവരെല്ലാംതന്നെ മനസുകൊണ്ടും ശരീരംകൊണ്ടും ഞങ്ങളെ സഹായിച്ചിരുന്നു.

മോന് ഞങ്ങൾ 'ഗൗതം' എന്നു പേരിട്ടു.

ഞങ്ങൾ ഉൾനാടൻ ഗ്രാമങ്ങളിൽനിന്നുള്ളവരാണ്. റോഡുവക്കത്തെ വീടുകളോടോ നഗരങ്ങളിലെ രീതികളോടോ അത്ര താൽപര്യമുണ്ടായിരുന്നില്ല. തനി നാടൻ മട്ടിൽ ഞങ്ങൾ ജീവിച്ചുപോന്നു. ഞങ്ങളിന്നുവരെ രസിച്ചു ജീവിക്കുകയായിരുന്നു. ഒരു സിനിമാക്കഥപോലെ, ഒരു സാദാ നോവൽക്കഥപോലെ, ഞങ്ങളിന്നും ജീവിക്കുന്നു.

രണ്ടു സെഷനായിട്ടായിരുന്നു ഞങ്ങളുടെ സ്കൂൾ പ്രവർത്തനം. അതുകൊണ്ട് അതേഷിഫ്റ്റ് സമ്പ്രദായത്തിൽ മോനെ നോക്കുവാനും ഞങ്ങൾക്കു സൗകര്യമുണ്ടായിരുന്നു.

ഉള്ളതുകൊണ്ട് ഓണംപോലെഘോഷിച്ചു ഞങ്ങൾ സുഖിച്ചു ജീവിക്കുമ്പോഴാണ് ഞങ്ങളൊരു സത്യമറിഞ്ഞത്. മോന് ഹെർണിയയുടെ അസുഖമുണ്ട്. ഹെർണിയ ഗുരുതരമായ രോഗമാണ്. ഒരു ഡോക്ടറെ കാണേ പറ്റൂ. ഞങ്ങളുടെ പിൽക്കാല ജീവിതത്തിൽ വലിയമാറ്റം വരുത്തിയ ഒരനുഭവമായിരുന്നു അത്. തീക്ഷ്ണമായ മറ്റൊരാശുപത്രി അനുഭവം!

(തുടരും)